LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിൽ ടൂറിസം രംഗത്ത് ചെലവഴിച്ച തുക

44 [5420] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ ടൂറിസം രംഗത്ത് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇത് ഏതെല്ലാം പദ്ധതികൾക്കാണെന്നും ഓരോ പദ്ധതികൾക്കും എത്രയൊക്കെ തുകകൾ വീതമാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ;

(സി) ടൂറിസം രംഗത്ത് ജില്ലയിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 43,86,507.50 രൂപ ടൂറിസം രംഗത്ത് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന ചെലവഴിച്ചിട്ടുണ്ട്.

(ബി) വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

(സി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി വിവിധ പദ്ധതികൾ തയ്യാറാക്കിവരുന്നു:

(1) വെമ്പടി-കൊളാരി-നെടിയാഞ്ഞിരം റോഡ്

(2) എടക്കാനം-പഴശ്ശി റിസർവ്വോയർ റോഡ്

(3) 19-ാം മൈൽ-വെളിയമ്പ്ര റോഡ്

(4) വളയംചാൽ-മീൻമുട്ടി റോഡ്

(5) കടവ്-പുഴക്കര റോഡ്

(6) മുഴപ്പിലങ്ങാട്-റെയിൽവേ ഗേറ്റ് റോഡ്

(7) കുളം ബസാർ-ബീച്ച് റോഡ്

(8) കൾച്ചറൽ മ്യൂസിയം ആന്റ് ഫോക് തിയേറ്റർ, കണ്ണൂർ

(9) ചരിത്രപ്രാധാന്യമുള്ള അറക്കൽ കെട്ടിന്റെ സംരക്ഷണത്തിന് 98,28,511 രൂപയുടെ പദ്ധതിക്ക് പുരാവസ്തു വകുപ്പിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

പൈതൽമലയുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് മുഖേന 25 ലക്ഷം രൂപ ചെലവിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

ബി.ആർ.ഡി.സി. മുലധന ഭരണ നിർവ്വഹണ ചെലവുകൾ

45 [5421] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ബി.ആർ.ഡി.സി. സ്ഥാപിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കോർപ്പറേഷൻ സ്ഥാപിച്ചതു മുതൽ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ബി.ആർ.ഡി.സി. സ്ഥാപിച്ചത് മുതൽ ഇന്നേവരെയുള്ള മൂലധന ചെലവ്, ഭരണ നിർവ്വഹണ ചെലവ് എന്നിവ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1995-ൽ.

(ബി) ബി.ആർ.ഡി.സി.-യുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ആലപ്പുഴ ഡി.ടി.പി.സി. ഹരിപ്പാട് മണ്ഡലത്തിലെ പ്രവർത്തികൾക്ക് നൽകിയ അനുമതി

46 [5422] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡി.ടി.പി.സി. ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ ഇതേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ട്;

(സി) ഏതെങ്കിലും പുതിയ പ്രവർത്തികൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഡി.ടി.പി.സി. ടൂറിസം പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം പ്രസക്തമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം പ്രസക്തമല്ല.

ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ കെ. ടി. ഡി. സി.-ക്ക് കൈമാറുന്നതുമൂലം ഉണ്ടാകുന്ന ദോഷം

47 [5423] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ഗസ്റ്റ് ഹൗസ് കെ.ടി.ഡി.സി.-ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം III, III A

LIBRARY ARCHIVES Kerala Legislative Assembly